പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.225 26.09.2016 - ൽ മറുപടിയ്ക്ക്

## 108 ആംബുലൻസുകളുടെ സേവനം

| ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
|---|---|
| (എ) 2006-2011 കാലയളവിൽ സംസ്ഥാനത്ത് സേവനം നടത്തിയിരുന്ന 108 ആംബുലൻസുകളുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) 2010 മെയ് 19 മുതലാണ് തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളുമായി പൈലറ്റ് പ്രോജക്ടായി 108 ആംബുലൻസ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 2012 ഏപ്രിൽ 21 മുതൽ ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളുമായി 108 പ്രവർത്തനം ആരംഭിച്ചു. |
| (ബി) 2011-2016 കാലയളവിൽ സംസ്ഥാനത്ത് എത്ര 108 ആംബുലൻസുകൾ സേവനമനുഷ്ഠിച്ചിരുന്നുവെന്നുള്ള ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;<br>(സി) നിലവിൽ സംസ്ഥാനത്ത് എത്ര 108 ആംബുലൻസുകളാണുള്ളതെന്ന് ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി)& (സി)<br>സംസ്ഥാനത്ത് ആകെ 43 (നാല്പത്തിമൂന്ന്) 108 ആംബുലൻസുകളാണുള്ളത്.<br>തിരുവനന്തപുരം - 25<br>ആലപ്പുഴ - 18 |
| (ഡി) 108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) 108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. ഇതിലേയ്ക്കായി വിശദമായ പദ്ധതി നിർദ്ദേശം അടിയന്തിരമായി സമർപ്പിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ